The Municipal (Amendment) Bill, 1956.

Minister for Local Self Government (SHRI K. KOCHUKUTTAN): Sir, I beg to introduce the Municipal (Amendment) Bill, 1956.

SHRI K. I. VELAYUDHAN: I Second it.

MR. DEPUTY SPEAKER: The Bill stands introduced.

ശ്രീ. കെ. കൊച്ചുകുട്ടൻ: തിരുവനന്തപുരം സിറ്റി മുനിസിപ്പൽ ആക്ട് 17-ാം വകുപ്പനുസരിച്ച് അലവൻസുംപ്പടെ കമ്മീഷണർക്ക് പരമാവധി നൽകാവുന്ന ശമ്പളം 500 രൂപയാണ്. അതുപോലെ തന്നെ ഡിസ്ട്രിക്ട് മുനിസിപ്പാലിറ്റീസ് ആക്ടിലേയും, കൊച്ചു മുനിസിപ്പ ആക്ടിലേയും പ്രസക്തമായ വകുപ്പുകളനുസരിച്ച് മുനിസിപ്പൽ കമ്മീഷണറന്മാരുടെ പരമാവധി ശമ്പളം 400 രൂപയാണ്. ഇതേ ഗ്രേഡിൽ ഉണ്ടായിരുന്ന ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചു. ആ ശമ്പളനിരക്ക് ഇവർക്കും കൊടുക്കുന്നതു ന്യായയുക്തമാണെന്നാണ് ഗവണ്മെൻറ് കരുതുന്നത്. അങ്ങനെ ശമ്പളം കൂട്ടിക്കൊടുക്കണമെന്നുണ്ടെങ്കിൽ ഇന്നുള്ള നിയമത്തിലും മാറ്റംവരുത്തേണ്ടതുണ്ട്. ഈ ബില്ലിലെ ഒരു വ്യവസ്ഥ അതിനുള്ളതാണ്.

തിരുവനന്തപുരം സിറ്റി മുനിസിപ്പൽ ആക്ട് 107-ാം വകുപ്പനുസരിച്ചും, തിരുവിതാംകൂർ ഡിസ്ട്രിക്ട് മുനിസിപ്പാലിറ്റി ആക്ട് 91-ാം വകുപ്പനുസരിച്ചും, കൊച്ചി മുനിസിപ്പൽ ആക്ട് 86-ാം വകുപ്പനുസരിച്ചും ഒരു വ്യക്തിയോ കമ്പനിയോ പ്രൊഫഷനൽ ടാക്സ് കൊടുക്കേണ്ടതാണ്. എന്നാൽ തിരുവിതാംകൂർ സിറ്റി മുനിസിപ്പൽ ആക്ടിൽ സിറ്റിയിൽ താമസിച്ചു തിരുവിതാംകൂറിലെ മറ്റൊരു മുനിസിപ്പാലിറ്റിയിൽ പ്രവർത്തനം നടത്തുന്ന ആൾ രണ്ടുസ്ഥലത്തും നികുതി കൊടുക്കേണ്ടെന്ന ഒരു പരിരക്ഷയുണ്ട്. പക്ഷെ ഒരു പഞ്ചായത്തിലോ കൊച്ചി മുനിസിപ്പാലിറ്റി ഏരിയായിലോ പ്രവർത്തനം നടത്തുകയാണെങ്കിൽ ഈ പരിരക്ഷ ലഭിക്കുന്നില്ല. ഇതു ഒരു വൈരുധ്യമാണ്. ഈ വൈരുധ്യം തിരുവിതാംകൂർ മുനിസിപ്പൽ ആക്ടിലെയും കൊച്ചിൻ മുനിസിപ്പൽ ആക്ടിലേയും വ്യവസ്ഥ അനുസരിച്ചും ഇന്നു നിലവിലുണ്ട്. ഇങ്ങനെയുള്ള ഡബ്ൾ ടാക്സേഷൻ ഒഴിവാക്കി പിരിക്കുന്ന നികുതി ബന്ധപ്പെട്ട ലോക്കൽ ബോഡിക്കു അപ്പോർഷൻ ചെയ്തുകൊടുക്കുന്നതിനുള്ളതാണ് ഈ ബില്ലിലെ മറ്റൊരു വ്യവസ്ഥ. ഇത്രയും കാര്യങ്ങളാണ് ഈ ഭേദഗതിബിൽകൊണ്ടു ഗവണ്മെൻറുദ്ദേശിക്കുന്നതു്. 1956 ഏപ്രിൽ 1-ംതീയതി മുതൽ ഇതു നടപ്പിൽ വരുത്തണമെന്നു് ആഗ്രഹിക്കുന്നു. അതുകൊണ്ടു് സെലക്ട് കമ്മിറ്റി 10 ദിവസത്തിനകം റിപ്പോർട്ട സമർപ്പിച്ചു് ഈ നിയമസഭയിൽ തന്നെ ബിൽ പാസ്സാക്കിത്തരണമെന്നു് ഞാനപേക്ഷിക്കുന്നു.

ശ്രീ. പി. എസ്. നടരാജപിള്ള: ഡിസ്ട്രിക്ട് മുനിസിപ്പാലിറ്റികളോടും കോർപ്പറേഷനോടും ശമ്പളം റിവൈസുചെയ്യുന്ന കാര്യത്തിൽ അഭിപ്രായം ചോദിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചോദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. നടരാജപിള്ള : മുനിസിപ്പൽ ഫണ്ടിൽ നിന്നല്ലേ ശമ്പളം കൊടുക്കുന്നത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെ; എന്നാൽ ഇതേ ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടിയിരിക്കുന്ന സ്ഥിതിക്ക് ഇവരുടേയും ശമ്പളം കൂട്ടുന്നതിൽ തടസ്സം വരികയില്ലെന്നു ഗവണ്മെൻറു കരുതുന്നു.

ശ്രീ. പി. എസ്. നടരാജപിള്ള : മുനിസിപ്പാലിറ്റികളോട് ആലോചിച്ച് ചെയ്യുന്നതിനുള്ള സൗകര്യം സെലക്ട്കമ്മിറ്റിക്ക് കൊടുക്കണമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ 10 ദിവസത്തിനകം തന്നെ മുനിസിപ്പാലിറ്റികളോട് ആലോചിക്കാമെന്നുള്ളതാണ്.

താഴെ പേരു പറയുന്ന മെമ്പറന്മാർ അടങ്ങുന്ന സെലക്ട് കമ്മിറ്റിക്ക് ബിൽ അയയ്ക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

1. ഡാക്ടർ എ. ആർ. മേനോൻ
2. ശ്രീ. ജെ. എ. ഭട്ട്
3. ,, അലക്സാണ്ടർ പറമ്പിത്തറ
4. ,, ഡി. അനന്തരാമൻ
5. ഡാക്ടർ പി. ടി. തോമസ്സ്
6. ശ്രീ. ആർ. പ്രകാശം
7. ,, കെ. ബാലകൃഷ്ണൻ
8. ,, പി. എസ്. നടരാജപിള്ള
9. ,, ടി. വി. തോമസ്സ്

കോറം 5 ആയിരിക്കും.

MR. DEPUTY SPEAKER : The question is that the Municipal (Amendment) Bill, 1956, be referred to a select committee consisting of the following Members :

(1) Dr. A. R. Menon,
(2) Shri J. A. Bhat,
(3) ,, Alexander Parambithara,
(4) ,, D. Anantharaman,
(5) Dr. P. T. Thomas,
(6) Shri R. Prakasam,
(7) ,, K. Balakrishnan,
(8) ,, P. S. Nataraja Pillai,
(9) ,, T. V. Thomas, and the Mover.

The quorum will be 5 and the Committee will report in 10 days.

The motion was put and carried.

LIBRARY ARCHIVES Kerala Legislative Assembly